**ജനങ്ങളുടെ ശബ്ദം ശ്രവിക്കാതെയും പ്രതിഫലിപ്പിക്കാതെയും സർക്കാർ നിയമനിർമ്മാണം നടത്തുകയാണെങ്കിൽ ജനങ്ങൾക്ക് നേരിട്ട് അവരുടെ ശബ്ദം കേൾപ്പിക്കേണ്ടതായി വരുമെന്ന്**

**ജസ്റ്റിസ് സന്തോഷ് ഹെഗ്ഡെ**

# ലോക്പാലിനെ തകർക്കാൻ ഭരണകൂടം ശ്രമിക്കുന്നു

തൃശൂരിൽ വച്ച് നവംബർ 30ന് സിവിൽ സൊസൈറ്റി എഗൻസ്റ്റ് കറപ്ഷൻ ആന്റ് ഇൻജസ്റ്റിസ് സംഘടിപ്പിച്ച യോഗത്തിലും കാത്തലിക് പ്രീസ്റ്റ് കോൺഫറൻസ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച യോഗത്തിലും നടത്തിയ പ്രഭാഷണങ്ങളിൽ നിന്നും തയ്യാറാക്കിയത്

**ജനാധിപത്യത്തിൽ** ജനങ്ങൾക്ക് തന്നെയാണ് പരമാധികാരം. ആർക്കും അതിൽ പ്രത്യേക അധികാരമില്ല. പ്രധാമമന്ത്രിയേയും ലോക്പാലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് അതുകൊണ്ടാണ്. ഇന്ത്യൻ ഭരണഘടനയുടെ തുടക്കം തന്നെ we the people of india എന്നാണ്. ഒരു സ്ഥാപനത്തിനും പ്രത്യേക അധികാരം ഇന്ത്യൻ ഭരണഘടന കൽപിപിച്ച് നൽകുന്നില്ല. സുനിശ്ചിതമായ ചില അധികാരങ്ങൾ ഓരോ സ്ഥാപനങ്ങൾക്കും നൽകുക മാത്രമാണ് ഭരണഘടന ചെയ്യുന്നത്. പാർലമെന്റ് നിയമം നിർമ്മിക്കുന്നു, ആ നിയമം ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണെങ്കിൽ സുപ്രീംകോടതി ഇടപെട്ട് തിരുത്തുന്നു. അതിനർത്ഥം സുപ്രീംകോടതിക്ക് പാർലമെന്റിന് മുകളിൽ അധികാരം ഉണ്ടെന്നല്ല. ജനങ്ങൾക്കാണ് പരമമായ അധികാരം. അതാണ് ജനലോക്പാൽ സമരത്തിന്റെയും അന്ത:സത്ത. അഴിമതി തടയാനുള്ള ശക്തമായ ഒരു നിയമത്തിന് വലിയ ജനപിന്തുണ വിവിധ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ചു. ജനങ്ങൾ മുന്നോട്ട് വച്ച ഒരു ബിൽ പാർലമെന്റിന് അംഗീകരിക്കേണ്ടിവരുന്നത് ഇന്ത്യാ ചരിത്രത്തിലെ ആദ്യ സംഭവമാണ്. നിയന്ത്രിക്കാനും ചോദ്യം ചെയ്യാനും കഴിയാത്ത മറ്റൊരു സ്ഥാപനം കൂടി എല്ലാ സ്ഥാപനങ്ങൾക്കും മുകളിൽ സൃഷ്ടിക്കുകയല്ല ലോക്പാൽ ഉദ്ദേശിക്കുന്നത്. ലോക്പാലിന്റെ നടപടികളെ കോടതിയിൽ ചോദ്യം ചെയ്യാൻ നിങ്ങൾക്ക് അധികാരമുണ്ട്. ഭരണഘടനാ സ്ഥാപനങ്ങളുടെ ദുഷ്പെരുമാറ്റങ്ങൾ, അഴിമതിയുമാണ് ലോക്പാൽ അന്വേഷണത്തിനായി പരിഗണിക്കുന്ന രണ്ട് കാര്യങ്ങൾ.

സർക്കാറുമായി പലകാര്യങ്ങളിലും തർക്കം നിലനിൽക്കുന്നുണ്ടെങ്കിലും ഇപ്പോൾ നിലനിൽക്കുന്ന പ്രധാന തർക്കം ലോക്പാൽ സമിതിയെ ആരു തിരഞ്ഞെടുക്കും എന്നതാണ്. പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രീംകോടതിയിലെ രണ്ട് ജഡ്ജിമാർ, രണ്ട് ഹൈക്കോടതി ചീഫ് ജസ്റ്റിസ്, കേന്ദ്ര തെരഞ്ഞെടു

പ്പ് കമ്മീഷണർ, ആഡിറ്റ് ജനറൽ ഓഫ് ഇന്ത്യ എന്നിവർ അടങ്ങുന്ന സമിതിയാണ് ലോക്പാലിനെ തെരഞ്ഞെടുക്കുന്നതിനായി ഞങ്ങൾ നിർദ്ദേശിക്കുന്നത്. ആ സമിതിയിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുണ്ട്, രണ്ട് തലങ്ങളിലുള്ള (ഹൈക്കോടതി, സുപ്രീംകോടതി ജഡ്ജിമാർ) നീതിന്യായ സംവിധാനത്തിൽ നിന്നുള്ള പ്രതിനിധികളുണ്ട്, ഒപ്പം മറ്റ് ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധകളുണ്ട്. എന്നാൽ സർക്കാർ അത് അംഗീകരിക്കുന്നില്ല. പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, ക്യാബിനറ്റ് സെക്രട്ടറി, പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന നിയമിതൻ, ഒരു സുപ്രീം കോടതി ജഡ്ജി എന്നിവരടങ്ങുന്ന പാനലാണ് ലോക്പാൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്നത്. കേന്ദ്രസർക്കാറിന്റെ ഉദ്യോഗസ്ഥരുടെ അഴിമതി അന്വേഷിക്കുന്നതിനുള്ള സമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാറിൽ തന്നെ നിക്ഷിപ്തമാകുന്നത് എത്രമാത്രം ശരിയാണ്? ലോക്പാൽ സമിതി കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവരെ കുറ്റവിചാരണ ചെയ്യാനുള്ള അധികാരം പാർലമെന്റിന് വേണമെന്നാണ് സർക്കാറിന്റെ മറ്റൊരു വാദം. അവർ പറയുന്നതെല്ലാം തടസ്സ വാദങ്ങളാണ്. കാരണം അവർക്ക് ലോക്പാൽ നടപ്പിലാക്കണമെന്നില്ല. അതാണ് ഭരണത്തിലുള്ളവരുടെ മനഃസ്ഥിതി. ഭരണരംഗത്തുള്ളവരുടെ കെടുകാര്യസ്ഥതയും ദു:സ്വഭാവങ്ങളുമാണ് ലോക്പാൽ അന്വേഷിക്കുന്നത്. ലോക്പാൽ നിലവിൽ വരാൻ ഭരണകൂടം താത്പര്യമെടുക്കാത്തതിനുള്ള കാരണവും അതാണ്.

സെൻട്രൽ വിജിലൻസ് കമ്മീഷനാണ് ഭരണരംഗത്തുള്ള അഴിമതി ഇപ്പോൾ അംഗീകരിക്കുന്നത്. കേന്ദ്രസർക്കാർ ചുമതലയേൽപ്പിക്കുമ്പോൾ മാത്രമാണ് അവർ അന്വേഷണത്തിന് തയ്യാറാകുന്നത്. ജനങ്ങൾക്ക് അവരോട് നേരിട്ട് പരാതിപ്പെടാൻ കഴിയില്ല. പൊതുസ്ഥാപനങ്ങളിലുള്ളവരുടെ കെടുകാര്യസ്ഥത മൂലം ലക്ഷക്കണക്കിന് ആളുകളാണ് ദിവസവും ഇന്ത്യയിൽ ദുരിതമനുഭവിക്കുന്നത്. അവരെ സഹായിക്കാൻ വിജിലൻസ് കമ്മീഷന് കഴിയില്ല. നിലവിലുള്ള അത്തരം അന്വേഷണ ഏജൻസികൾ ലോക്പാലുമായി ലയിപ്പിക്കണം എന്ന ഒരു നിർദ്ദേശവും പൊതുസമൂഹ പ്രതിനിധികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.



**പ്രധാനമന്ത്രി സംശയത്തിന്റെ നിഴലിൽ നിൽക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിന് ഒട്ടും യോജിച്ച കാര്യമല്ല. പ്രധാനമന്ത്രിമാരായിരുന്ന രാജീവ്ഗാന്ധിക്കെതിരെ ഉന്നയിക്കപ്പെട്ട ബൊഫോഴ്സ് കേസിലും നരസിംഹറാവുവിന് എതിരെ ഉന്നയിക്കപ്പെട്ട ജെ.എം.എം കോഴക്കേസിലുമെല്ലാം വ്യക്തമായ അന്വേഷണങ്ങൾ നടക്കാത്തത് നമ്മുടെ ജനാധിപത്യത്തെ കളങ്കപ്പെടുത്തിയിട്ടുണ്ട്**

മറ്റൊരു സംശയം പ്രധാനമായും ഉന്നയിക്കപ്പെടുന്നത് ലോക്പാലിന്റെ നിയമപരിപാലന പരിധിയുടെ സാധ്യതയെക്കുറിച്ചാണ്. 30 ലക്ഷത്തിൽ അധികം ജീവനക്കാരുള്ള കേന്ദ്രസർക്കാർ ഉദ്യോഗസ്ഥ സംവിധാനത്തെ എങ്ങനെ കൈകാര്യം ചെയ്യും എന്ന സംശയം പലഭാഗത്ത് നിന്നും ഉയരുന്നുണ്ട്. എന്നാൽ അത്രയും വലിയ വിഭാഗത്തിലെ അഴിമതിയും ദുരാചാരങ്ങളും അന്വേഷിക്കുന്നത് മറ്റൊരു വലിയ സംവിധാനം നിർമ്മിച്ചെടുക്കേണ്ട ആവശ്യമില്ല. അഴിമതി അന്വേഷിക്കാൻ നിലവിലുള്ള സംവിധാനങ്ങളെ അന്വേഷണ ചുമത ഏൽപ്പിക്കുകയും സമയോചിതമായ അന്വേഷണ റിപ്പോർട്ട് തരാൻ ആവശ്യപ്പെടുകയും ചെയ്താൽ മതി. പ്രധാനമന്ത്രിയെ ലോക്പാലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന സർക്കാർ ലോക്പാലിന്റെ നിർദ്ദേശവും പുനഃപരിശോധിക്കേണ്ടതാണ്. പൊതുസമൂഹം പ്രധാനമന്ത്രിയെ ലോക്പാലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ് പറയുന്നത്. അന്വേഷണത്തിനായി ലോക്പാൽ ഇറക്കുന്ന ഉത്തരവിനെ പ്രധാനമന്ത്രിക്ക് വേണമെങ്കിൽ കോടതിയിൽ ചോദ്യം ചെയ്യാം. പ്രധാനമന്ത്രിക്ക് മാത്രമല്ല, ലോക്പാൽ അന്വേഷണത്തിന് ഉത്തരവിടുന്ന ആർക്കും ഉത്തരവിനെ കോടതിയിൽ ചോദ്യം ചെയ്യാനുള്ള അവകാശം നൽകുന്നുണ്ട്. എന്നാൽ പ്രധാമന്ത്രിയെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ വിട്ടുവീഴ്ചയ്ക്ക് സർക്കാർ തയ്യാറല്ല.


പ്രധാനമന്ത്രി സംശയത്തിന്റെ നിഴലിൽ നിൽക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിന് ഒട്ടും യോജിച്ച കാര്യമല്ല. പ്രധാനമന്ത്രിക്കെതിരെയും ഉയരുന്ന ആരോപണങ്ങൾ അന്വേഷണത്തിന് വിധേയമാക്കേണ്ടതിന്റെ പ്രാധാന്യം അതാണ്. പ്രധാനമന്ത്രിമാരായിരുന്ന രാജീവ്ഗാന്ധിക്കെതിരെ ഉന്നയിക്കപ്പെട്ട ബൊഫോഴ്സ് കേസിലും പി. വി. നരസിംഹറാവുവിന് എതിരെ ഉന്നയിക്കപ്പെട്ട ജെ.എം.എം കോഴക്കേസിലുമെല്ലാം വ്യക്തമായ അന്വേഷണങ്ങൾ നടക്കാത്തത് നമ്മുടെ ജനാധിപത്യത്തെ കളങ്കപ്പെടുത്തിയിട്ടുണ്ട്. ജഡ്ജിമാരും വിശുദ്ധപശുക്കളായി തുടരുന്നതിനാൽ അവർക്കെതിരെ ഉയർന്ന പല ആരോപണങ്ങളും വ്യക്തമായി അന്വേഷിക്കപ്പെട്ടിട്ടില്ല. ജഡ്ജിമാരായ സൗമിത്രസെന്നിനും ദിനകരനുമെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ വ്യക്തമായ അന്വേഷണമോ തുടർ നടപടികളോ ഉണ്ടായിട്ടില്ല. നീതിന്യായ വ്യവസ്ഥയെ ഇത് ദുർബലപ്പെടുത്തുന്നു. ജനാധിപത്യത്തിലെ ഇത്തരം ഏകാധിപത്യ പ്രവണതകളെ ഒഴിവാക്കുന്നതിനാണ് ലോക്പാൽ ശ്രമിക്കുന്നത്. ജനങ്ങളെ ഭരിക്കുന്ന ഒരു സംവിധാനമല്ല, ജനങ്ങളെ സേവിക്കുന്ന സംവിധാനമാണ് നമുക്ക് ആവശ്യം.

ലോക്പാൽ യാഥാർത്ഥ്യമാകുന്നതോടെ അഴിമതി ഇല്ലാതാകുമെന്ന് പറയാൻ കഴിയില്ല. അങ്ങനെ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുന്നതല്ല അ

ഴിമതി. പ്രാചീനനാഗരികതയുടെ തുടക്കം മുതൽ മനുഷ്യരുടെ ഇടപെടലുകളിൽ അഴിമതിയുടെ സാന്നിധ്യമുള്ളതായി പഴയ രേഖകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇന്ന് അഴിമതി സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. 1950ൽ ഉണ്ടായിരുന്ന അഴിമതിയുടെ കണക്കുകളേക്കാൾ എത്രയോ ഇരട്ടിയാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്ന അഴിമതി. ആളുകളുടെ മന:സ്ഥിതിയിലെ മാറ്റവും അഴിമതി കൂടുന്നതിന് കാരണമായി. അഴിമതി നടത്തുന്നു എന്ന് പരസ്യമായി സമ്മതിക്കാൻ ആളുകൾ മുൻപ് മടികാണിച്ചിരുന്നു. എന്നാൽ ഞാൻ അഴിമതിക്കാരനാണെന്ന് ഇന്ന് ആളുകൾ സധൈര്യം തുറന്ന് പറയുന്നു. രാഷ്ട്രീയക്കാർക്കിടയിലും ഉദ്യോഗസ്ഥർക്കിടയിലും മാത്രം ഒതുങ്ങിയിരുന്ന അഴിമതി ഇന്ന് ജഡ്ജിമാർ ഉൾപ്പെടെയുള്ള സമൂഹത്തിലെ എല്ലാ പ്രവൃത്തികളിലേക്കും വ്യാപിച്ചിരിക്കുന്നു. പണത്തിനോടുള്ള സമീപനത്തിന് യുക്തി നഷ്ടമായിരിക്കുന്നു. ഉദ്യോഗസ്ഥരുടെ പിന്തുണ ലഭിക്കുന്നതുകൊണ്ട് മാത്രമാണ് രാഷ്ട്രീയക്കാർക്ക് അഴിമതി നടത്താൻ കഴിയുന്നത്. പരാശ്രിതജീവികളാണവർ. അഴിമതിയിൽ ഇടപെടുന്നതോടെ മാനവികമൂല്യങ്ങളെല്ലാം ഇരുകൂട്ടർക്കും നഷ്ടമാകുന്നു.

ജനാധിപത്യം തന്നെയാണ് ലോകത്ത് നിലവിലുള്ള ഏറ്റവും മികച്ച സാമൂഹിക സംവിധാനം. അഴിമതി ഇല്ലാതാക്കാൻ നിലവിലുള്ള സംവിധാനം അശേഷം ഉടച്ചുവാർക്കണം എന്നുപറയുന്നതിൽ അർത്ഥമില്ല. ഉദാഹരണത്തിന്, വീടുകൾക്കെല്ലാം കതകുണ്ടായിട്ടും മോഷണം നടക്കുന്നുണ്ടല്ലോ. കതക് വേണ്ടെന്ന് വയ്ക്കുന്നതല്ലല്ലോ അതിന് പരിഹാരം. പോലീസ് സംവിധാനം വർഷങ്ങളായി നിലവിലുണ്ടായിട്ടും കുറ്റകൃത്യങ്ങൾക്ക് ഒരു കുറവുമില്ല. എന്നാൽ അതിന്റെ പേരിൽ പോലീസ് സംവിധാനം പൂർണ്ണമായും പിരിച്ചുവിട്ടാൽ എന്താകും സ്ഥിതി? നിലവിലുള്ള സംവിധാനത്തിന്റെ ഉള്ളിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്. അതിനെ നവീകരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ജൻലോക്പാലും അതിനാണ് ശ്രമിക്കുന്നത്. യുക്തിപരമായ പരിസമാപ്തിയുണ്ടാകുന്നതുവരെ ജൻലോക്പാൽ മുന്നേറ്റം ഞങ്ങൾ തുടരും.

**ജനാധിപത്യം തന്നെയാണ് ലോകത്ത് നിലവിലുള്ള ഏറ്റവും മികച്ച സാമൂഹിക സംവിധാനം. അഴിമതി ഇല്ലാതാക്കാൻ നിലവിലുള്ള സംവിധാനം അശേഷം ഉടച്ചുവാർക്കണം എന്നുപറയുന്നതിൽ അർത്ഥമില്ല. ഉദാഹരണത്തിന്, വീടുകൾക്കെല്ലാം കതകുണ്ടായിട്ടും മോഷണം നടക്കുന്നുണ്ടല്ലോ. കതക് വേണ്ടെന്ന് വയ്ക്കുന്നതല്ലല്ലോ അതിന് പരിഹാരം.**




മാധ്യമങ്ങളും അഴിമതിയുടെ ഭാഗമായി മാറുന്നതായാണ് സമീപകാല സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. മാധ്യമങ്ങൾ ഭരണഘടനാപരമായ പദവിയുള്ള സ്ഥാപനങ്ങളല്ല. പക്ഷെ ഫോർത്ത് എസ്റ്റേറ്റ് എന്ന നിലയിൽ ഭരണഘടനാപരമായ പദവികളുള്ള മറ്റ് മൂന്ന് എസ്റ്റേറ്റുകളുമായി ചേർന്ന് നിന്നാണ് മാധ്യമങ്ങൾ നാളുകളായി പ്രവർത്തിക്കുന്നത്. അതിന്റേതായ ഉത്തരാവാദിത്തം മാധ്യമങ്ങൾ തീർച്ചയായും പുലർത്തേണ്ടതുണ്ട്. നിയന്ത്രണം മാധ്യമങ്ങളുടെ ഉള്ളിലാണ് നടക്കേണ്ടത്. പുറത്ത് നിന്നുള്ള നിയന്ത്രണം മാധ്യമങ്ങൾക്ക് ആവശ്യമില്ല. സ്വയം ക്രമീകൃതമായ ഒരു നിയന്ത്രണ സംവിധാനത്തെക്കുറിച്ച് മാധ്യമങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. പക്ഷപാതപൂർണ്ണവും വസ്തുതാവിരുദ്ധവുമായ മാധ്യമപ്രവർത്തനം ഏതെല്ലാം മാധ്യമങ്ങളാണ് നടത്തുന്നതെന്ന് തിരിച്ചറിയാനും അത്തരം മാധ്യമങ്ങളെ തള്ളിക്കളയാനും പൊതുസമൂഹത്തിന് കഴിയണം.

## സിവിൽ സമൂഹത്തിന്റെ പങ്ക്

2004 – 09 കാലത്ത് നടന്ന ലോകസഭാ സമ്മേളനങ്ങളിൽ ആകെയുള്ള 550 അംഗങ്ങളിൽ 172 പേർ മാത്രമാണ് ഒറ്റ തവണയെങ്കിലും സംസാരിച്ചത്. ബാക്കിവരുന്നവർ ഒരിക്കൽപ്പോലും വായ തുറന്നിട്ടില്ല. ജനങ്ങളെ പ്രതിനിധീകരിച്ച് സംസാരിക്കുന്നതിനായി നമ്മളാണ് അവരെ അവിടേക്ക് തെരഞ്ഞെടുത്ത് വിട്ടത്. എന്നാൽ അഞ്ചുവർഷത്തിനിടയിൽ ഒരിക്കൽപ്പോലും അവർ നമ്മളെ പ്രതിനിധീകരിക്കുന്നതേയില്ല.

ജനങ്ങളുടെ കൂട്ടായ തീരുമാനങ്ങളാണ് ജനാധിപത്യം എന്ന് പറയുന്നുണ്ടെങ്കിലും ജനങ്ങളുടെ ശബ്ദം ജനപ്രാതിനിധ്യ സഭകളിൽ കേൾക്കാതിരിക്കുന്നിടത്തോളം ജനാധിപത്യം പൂർണ്ണമാകുന്നില്ല. അത്തരം സാഹചര്യങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് അവരുടെ ശബ്ദം ഉയർത്തേണ്ടിവരും. സിവിൽ സമൂഹത്തിന്റെ ഭാഗത്ത് നിന്നും മുന്നേറ്റങ്ങൾ ഉണ്ടാകുന്നത് അങ്ങനെയാണ്. ജൻലോക്പാൽ മുന്നേറ്റവും ആ അടിസ്ഥാനത്തിലാണ് ഉയർന്ന് വന്നത്.

നിയമനിർമ്മാണത്തിലുള്ള പാർലമെന്റിന്റെ അധികാരങ്ങളെ സിവിൽസമൂഹം അട്ടിമറിക്കുകയാണെന്ന് പറയുന്ന വാദം ശരിയില്ല. ജനങ്ങളുടെ ശബ്ദം ശ്രവിക്കാതെയും പ്രതിഫലിപ്പിക്കാതെയും സർക്കാർ നിയമനിർമ്മാണം നടത്തുകയാണെങ്കിൽ ജനങ്ങൾക്ക് നേരിട്ട് അവരുടെ ശബ്ദം കേൾപ്പിക്കേണ്ടതായി വരും.